**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 20** **22-07-2021 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബിയും വൈദ്യുതി ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന കെ-ഫോൺ പദ്ധതിയുടെ എത്ര ശതമാനം നാളിതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്നറിയിക്കാമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ 37 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചതായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്; | (ബി) | പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് അറിയിച്ചിട്ടുള്ളത് പ്രകാരം 2021 ഡിസംബർ മാസത്തിൽ പദ്ധതി പൂർത്തീകരിക്കും. |
| (സി) | പ്രസ്തുത പദ്ധതിക്കായി കിഫ്ബി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ കിഫ്‌ബിയിൽ സമർപ്പിക്കപ്പെട്ട വിവിധ ബില്ലുകളിന്മേൽ 1,28,78,52,540.96 രൂപ റിലീസ് ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിയുടെ ഭാഗമായി ഏതൊക്കെ കമ്പനികൾക്കാണ് കരാറുകൾ നൽകിയിരിക്കുന്നത് എന്ന വിവരം ലഭ്യമാക്കാമോ; | (ഡി) | ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യം ആണ് കരാർ ഏറ്റെടുത്തിരിക്കുന്നത് . |
| (ഇ) | പ്രസ്തുത പദ്ധതിയ്ക്ക് എത്ര ശതമാനം പലിശ നിരക്കിലാണ് കിഫ്‌ബി വായ്പ നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | 9 ശതമാനം പലിശ നിരക്കിലാണ് പ്രസ്തുത പദ്ധതിക്ക് കിഫ്‌ബി വായ്പ നൽകുവാൻ നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ